(ഇ) 12-4-1999-ൽ നിലവിൽ വന്ന സ്പെഷ്യൽ റൂൾ പ്രകാരം ഫാർമസിസ്റ്റ് തസ്തികയുടെ അടിസ്ഥാന യോഗ്യത എൻ.സി.പി. കോഴ്സ് ആണ്. പി.എസ്.സി. വഴിയോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ എൻ.സി.പി. കോഴ്സ് പാസ്സായവരെ ലഭിക്കാതിരുന്നതിനാലാണ് 12-4-1999-നുശേഷം ഉണ്ടായിട്ടുള്ള ഒഴിവുകളിലേക്ക് പെൻഷൻപറ്റിയവരെ ദിവസ വേതന പ്രകാരം നിയമിച്ചിട്ടുള്ളത്.

(എഫ്) ട്രെയിനിംഗ് നൽകുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

**സബ് രജിസ്ട്രാർ ഓഫീസ് കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് നടപടി**

**171 (3126)** ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷം സംസ്ഥാനത്ത് എത്ര സബ് രജിസ്ട്രാർ ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(ബി) കോന്നമംഗലം നിയോജകമണ്ഡലത്തിലെ ശ്രീമൂലനഗരം സബ് രജിസ്ട്രാർ ഓഫീസ് കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ കമ്പ്യൂട്ടർവൽക്കരണം എന്നത്തേക്ക് നടപ്പിലാക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 103 സബ് രജിസ്ട്രാർ ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിക്കാൻ ഉദ്ദേശിക്കുന്നു.

(ബി) ഉണ്ട്.

(സി) സോഫ്റ്റ്വെയറിന്റെ ട്രയൽ റൺ നടന്നുവരുന്നു. ഉടനേ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീ എന്നിവ കുറയ്ക്കാൻ നടപടി**

**172 (3127)** ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്ഥലങ്ങളുടെ ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിലും രജിസ്ട്രേഷൻ ചാർജ്ജ് ഇനത്തിലും ഗ്രാമങ്ങളിലും നഗരങ്ങളിലും നിലവിൽ എത്ര ശതമാനം തുകയാണ് ഈടാക്കി വരുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) വർദ്ധിച്ച സ്റ്റാമ്പ് ഡ്യൂട്ടി രജിസ്ട്രേഷൻ ഫീ എന്നിവമൂലം വിലയിൽ കുറവ് കാണിച്ച് ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതുമൂലം വൻ ധനനഷ്ടം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly